# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1081     06.02.2020 ൽ മറുപടിക്ക്**

**നെടുമങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി. ദിവാകരൻ** | **ജി സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) നെടുമങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br><br>ബി) പ്രസ്തുത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ) & ബി) നെടുമങ്ങാട് മണ്ഡലത്തിലെ കണിയാപുരം ആർ ഒ ബി യുടെ നിർമ്മാണം സ ഉ (സാധാ) നം.718/2018/പൊമവ തീയതി 19.04.2018 പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ ബി ഡി സി കെ -യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയമിച്ചിട്ടുള്ളതാണ്. അലൈൻമെന്റിനു എതിരെ രണ്ട് റിട്ട് ഹർജികൾ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്നു. നിലവിലുള്ള റോഡിനു സമാന്തരമായി ആർ ഒ ബി നിർമ്മിക്കണം എന്നതാണ് പരാതിക്കാരുടെ ആവശ്യം. നിലവിലുള്ള റോഡും, റെയിൽവേ ലൈനും തമ്മിലുള്ള സ്ക്യൂ ആംഗിൾ 33 ഡിഗ്രി ആണ്. റെയിൽവേ മാനദണ്ഡ പ്രകാരം, ആർ ഒ ബി യും റെയിൽവേ പാളവും തമ്മിൽ അനുവദനീയമായിട്ടുള്ള പരമാവധി സ്ക്യൂ 20 ഡിഗ്രി ആണ്. സ്ക്യൂ ആംഗിൾ വർദ്ധിപ്പിക്കുന്നത് പരിശോധിക്കാനായി റെയിൽവേ അധികൃതർക്ക് ആർ ബി ഡി സി കെ കത്ത് സമർപ്പിച്ചു. റെയിൽവേ ബോർഡിന്റെ, ആർ ഡി എസ് ഒ നിബന്ധന പ്രകാരം 20 ഡിഗ്രിക്ക് മുകളിൽ സ്ക്യൂ ആംഗിൾ അനുവദനീയമല്ല എന്ന് ചീഫ് എഞ്ചിനീയർ, കൺസ്ട്രക്ഷൻ, സതേൺ റെയിൽവേ ആർ ബി ഡി സി കെ-യെ അറിയിച്ചിട്ടുണ്ട്. |

തുടർന്ന് GAD മൂന്ന് സ്പാനുകളായി പുതുക്കി തയ്യാറാക്കുവാനും റെയിൽവേ ആവശ്യപ്പെട്ടു. അതു പ്രകാരം പുതുക്കിയ GAD തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. നിലവിലുള്ള റോഡിന് സമാന്തരമായി അലൈൻമെന്റ് തയ്യാറാക്കുവാനുള്ള സാധ്യതയും പുതുക്കിയ GAD യിൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

സി) ഉണ്ട്. അലൈൻമെന്റ് സംബന്ധിച്ച് ചില പ്രദേശവാസികളുടെ പരാതികളും കോടതി നടപടികളും മൂലവും റെയിൽവേ GAD യിൽ നിർദ്ദേശിച്ച മാറ്റങ്ങൾ മൂലവുമാണ് പദ്ധതിയിൽ കാലതാമസം നേരിട്ടിട്ടുള്ളത്.

ഡി) പ്രസ്തുത പ്രവൃത്തികളിൽ ഏതെങ്കിലും പ്രവൃത്തിയുടെ അലൈൻമെന്റുമായി ബന്ധപ്പെട്ട് പ്രദേശവാസികളുടെ പരാതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

ഇ) പരാതികൾ പരിഹരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

ഡി) & ഇ) ഉണ്ട്. നിലവിൽ ഒരു റിട്ട് ഹർജി (WP(C) 35737/2019) ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. നിലവിലുള്ള റോഡിനു സമാന്തരമായി അലൈൻമെന്റ് തയ്യാറാക്കുവാനുള്ള സാധ്യതയും കൂടി പരിശോധിച്ചുകൊണ്ട് റെയിൽവേയുടെ ആവശ്യപ്രകാരമുള്ള പുതുക്കിയ GAD തയ്യാറാക്കുവാനുള്ള നടപടി എടുത്തിട്ടുണ്ട്.

എഫ്) പ്രസ്തുത പ്രവൃത്തിക്കായി തയ്യാറാക്കിയിട്ടുള്ള ഡി.പി.ആറിന്റെയും സ്കെച്ചിന്റെയും പകർപ്പ് ലഭ്യമാക്കുമോ?

എഫ്) GAD ക്ക് റെയിൽവേയിൽ നിന്നും പ്രാഥമിക അംഗീകാരം ലഭിച്ച ശേഷമേ അലൈൻമെന്റ് പൂർത്തിയാക്കുവാൻ കഴിയുകയുള്ളൂ. അലൈൻമെന്റ് അംഗീകാരത്തിനു ശേഷമേ ഡി പി ആർ പൂർത്തിയാക്കാൻ കഴിയൂ. ഇപ്പോൾ നിലവിൽ സ്വീകരിച്ചിരുന്ന അലൈൻമെന്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ